# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *103 02.03.2017 -ൽ മറുപടിക്ക്**

**പാലങ്ങളുടെ സുരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**,, രാജു എബ്രഹാം**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ആർ. രാജേഷ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നിർമ്മാണത്തിലെ അപാകത കൊണ്ട് ഏനാത്ത് പാലം അപകടാവസ്ഥ യിലായതിന്റെ പശ്ചാത്തലത്തിൽ, മറ്റ് പ്രധാനപ്പെട്ട ഇരുന്നൂറ് പാലങ്ങളുടെ സുരക്ഷയെക്കുറിച്ച് പരിശോധിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെട്ടുത്താമോ; | (എ) ഏനാത്ത് പാലം അപകടാവസ്ഥയിലായതിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള പാലങ്ങൾക്ക് സുരക്ഷാ സംബന്ധമായ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും ഇൻവെന്ററി സർവ്വേയും പ്രീ മൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും നടത്താൻ മെസ്സേഴ്സ് എസ്.എൻ.ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡുമായി കേന്ദ്രസർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വേ റിപ്പോർട്ടും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) അപകടാവസ്ഥയിലുള്ള പാലങ്ങളുടെ പുനർനിർമ്മാണത്തിനോ കേടുപാട് തീർക്കുന്നതിനോ സത്വര നടപടിയുണ്ടാകുമോ; ഇതിന്റെ ചെലവ്, വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നോ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ; | (ബി) അപകടാവസ്ഥയിലായിരുന്ന പാലങ്ങളുടെ പുനർ നിർമ്മാണത്തിനും കേടുപാടുകൾ തീർക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചതിനു ശേഷം തുടർ നിയമ/വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളുടെയും കെട്ടിടങ്ങളുടെയും റോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്താനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (സി) നിലവിൽ പാലങ്ങളുടെയും കെട്ടിടങ്ങളുടേയും റോഡുകളുടേയും നിർമ്മാണത്തിലുള്ള ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനായി PWD മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ രീതിയിലുള്ള ലാബ് ടെസ്റ്റുകളും മറ്റ് ഗുണപരിശോധനയും നടത്താറുണ്ട്. കൂടാതെ വകുപ്പ് |

ഉദ്യോഗസ്ഥന്മാരുടേയും, കൺസൾട്ടന്റുമാരുടേയും പരിശോധനകളും നടത്താറുണ്ട്. പ്രസ്തുത പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സോഷ്യൽ ഓഡിറ്റിംഗും ഗുണനിലവാര പരിശോധനയ്ക്കായി സ്വതന്ത്ര ഏജൻസി രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിക്കുമോ; വിശദമാക്കുമോ?

(ഡി) പൊതുമരാമത്തു വകുപ്പിന്റെ ദേശീയപാതാ വിഭാഗത്തിൽ ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് നടന്നു വരുന്നു. ആയത് മറ്റ് വിഭാഗങ്ങളായ നിരത്തുകളും പാലങ്ങളും വിഭാഗങ്ങളിലും ഘട്ടംഘട്ടമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തന്നെ നിലവിൽ ഒരു Quality Control വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. അതിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഗുണനിലവാര പരിശോധനയ്ക്കായി സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**